1921

# മലബാർ സമരം

വാള്യം 6

# ഓർമ അനുഭവം ചരിത്രം


ജനറൽ എഡിറ്റർ

ഡോ. കെ കെ എൻ കുറുപ്പ്

എഡിറ്റർമാർ

ഡോ. സി എ ഫുക്കാർ അലി

ഡോ. കെ ടി അൻവർ സാദത്ത്


Scanned with CamScanner

1921
# മലബാർ സമരം

വാല്യം 6

# ഓർമ അനുഭവം ചരിത്രം


ജനറൽ എഡിറ്റർ
ഡോ. കെ കെ എൻ കുറുപ്പ്

എഡിറ്റർമാർ
ഡോ. സി എ ഫുക്കാർ അലി
ഡോ. കെ ടി അൻവർ സാദത്ത്


1921ലെ മലബാർ സമരത്തെക്കുറിച്ച് ലഭ്യമായ ഉപാദാനങ്ങളുടെ ക്രോഡീകരണം. ചരിത്രരചനയിൽ ഇതിനകം പരിഗണിക്കാതെപോയ സമര സംബന്ധിയായ ഓർമകളും അനുഭവങ്ങളും ഉള്ളടക്കം ചെയ്ത കൃതി.


യുവത ബുക്ക് ഹൗസ്
www.yuvathabooks.in

ISBN 978-93-91938-10-9

9 789391 938109

ESSAYS

YBH
₹ 650

Cover Design by
trueberry.in



Scanned with CamScanner

1921
Malabar Samaram
(6 Vol)

**Vol. 6**
**Orma Anubhavam Charithram**

General Editor: **Dr. K K N Kurup**

First edition 2023

ISBN 978-93-91938-10-9

9 789391 938109

© Copyright reserved with Publisher
*No part of this book may be reproduced, transmitted or stored in an information retrieval system in any form or by any means, without prior written permission from the publisher.*

Cover Design: Trueberry
Type Setting: Muneer
Proof : Yahya N.P
Layout : Mahin Abdulrahiman
Printed in at Geethanjali Offset Prints, Calicut

Publisher:

**Yuvatha Book House**
CIG Building, RM Road, Calicut -2
Ph: 7594972227
yuvathabookhouse@gmail.com
www.yuvathabooks.in

**Price: ₹ 650.00**

Scanned with CamScanner

## ലേഖകർ

**കെ കെ മുഹമ്മദ് അബ്ദുൽ കരീം (1932-2005)**

**എൻ പി ഹാഫിസ് മുഹമ്മദ്**
*(മുൻ മേധാവി, സോഷ്യോളജി വിഭാഗം, ഫാറൂഖ് കോളജ്)*

**പ്രൊഫ. ശിവദാസൻ പി**
*(പ്രൊഫസർ, ചരിത്ര വിഭാഗം, കാലിക്കറ്റ് യൂനിവേഴ്സിറ്റി)*

**പ്രൊഫ. എം പി മുജീബുറഹ്മാൻ**
*(പ്രൊഫസർ, വകുപ്പു മേധാവി, ചരിത്ര വിഭാഗം, കാലിക്കറ്റ് യൂനിവേഴ്സിറ്റി)*

**ഡോ. എം വിജയലക്ഷ്മി**
*(മുൻ മേധാവി, ചരിത്ര വിഭാഗം, എൻഎസ്എസ് കോളജ്, മഞ്ചേരി)*

**ഡോ. ജി ഉഷാകുമാരി**
*(അസോ. പ്രൊഫസർ, റിസർച്ച് ഗൈഡ് & മലയാള വിഭാഗം മേധാവി, കെ കെടിഎം ഗവ. കോളജ്, പുല്ലൂറ്റ്, കൊടുങ്ങല്ലൂർ)*

**അബ്ദുറഹ്മാൻ മങ്ങാട്**
*(റിസർച്ച് ഓഫീസർ, സി എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപിങ് സൊസൈറ്റീസ്, കാലിക്കറ്റ് യൂനിവേഴ്സിറ്റി)*

**പി സുരേന്ദ്രൻ**
*(സാഹിത്യകാരൻ)*

**ഡോ. ഷംഷാദ് ഹുസൈൻ കെ ടി**
*(പ്രൊഫസർ, മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, തിരൂർ)*

**പി ഗീത**
*(റിസർച്ച് ഗൈഡ്, മലയാള വിഭാഗം, ശ്രീനീലകണ്ഠ ഗവ. സംസ്കൃത കോളജ്, പട്ടാമ്പി)*

**സി പി അബ്ദുൽ മജീദ്**
*(മുൻ ആർക്കൈവിസ്റ്റ്, റീജ്യനൽ ആർക്കൈവ്സ്, കോഴിക്കോട്)*

Scanned with CamScanner

**ആർ കെ ബിജുരാജ്**
*(ഗ്രന്ഥകാരൻ, ചീഫ് സബ് എഡിറ്റർ, മാധ്യമം ആഴ്ചപ്പതിപ്പ്)*

**ഡോ. ഫുക്കാർ അലി സി എ**
*(മേധാവി, ചരിത്ര വിഭാഗം, ആർ ജി എം ഗവ. കോളജ്, അട്ടപ്പാടി)*

**ഡോ. അനീസുദ്ദീൻ പി കെ**
*(അസി. പ്രൊഫസർ, ചരിത്ര വിഭാഗം, ഗവ. വിക്ടോറിയ കോളജ്, പാലക്കാട്)*

**ഡോ. വി ഹിക്മത്തുല്ല**
*(അസി. പ്രൊഫസർ, മലയാള വിഭാഗം, കെ എ എച്ച് എം യൂനിറ്റി വിമൻസ് കോളജ്, മഞ്ചേരി)*

**ഡോ. ജോഷി മാത്യു**
*(മേധാവി, ചരിത്ര വിഭാഗം, പഴശ്ശിരാജ കോളജ്, പുൽപ്പള്ളി, വയനാട്)*

**ഡോ. കെ ടി അൻവർ സാദത്ത്**
*(മേധാവി, ഡിപാർട്ട്മെന്റ് ഓഫ് ഇസ്‌ലാമിക് ഹിസ്റ്ററി, സുല്ലമുസ്സലാം അറബിക് കോളജ്, അരീക്കോട്)*

**വിജയൻ മടപ്പള്ളി**
*(നോവലിസ്റ്റ്, ചരിത്ര ഗവേഷകൻ)*

**ഡോ. സി അബ്ദുൽ ബാരി**
*(അസി. പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം, മലബാർ കോളജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര)*

**ഡോ. മോയിൻ മലയമ്മ**
*(ഗ്രന്ഥകാരൻ, ചരിത്ര ഗവേഷകൻ)*

**കുഞ്ഞനി മുഹമ്മദ്**
*(നോവലിസ്റ്റ്, ചരിത്ര ഗവേഷകൻ)*

**ഹക്കിം ചോലയിൽ**
*(നോവലിസ്റ്റ്)*

**ജാഫർ ഈരാറ്റുപേട്ട**
*(ഗ്രന്ഥകാരൻ, ചരിത്ര ഗവേഷകൻ)*

**ഇബ്രാഹീം കോട്ടക്കൽ**
*(മുൻ ഡെപ്യൂട്ടി എഡിറ്റർ, മാധ്യമം ദിനപത്രം)*

**മുജീബ് തങ്ങൾ കൊന്നാര്**
*(ഗ്രന്ഥകാരൻ, ചരിത്ര ഗവേഷകൻ)*

**സഫർ കിടങ്ങയം**
*(അധ്യാപകൻ, പിടിഎം ഹയർ സെക്കൻഡറി സ്കൂൾ, വെള്ളില, മങ്കട)*

**പി ടി ഷുക്കൂർ**
*(ചരിത്ര ഗവേഷകൻ)*

Scanned with CamScanner

# ഖിലാഫത്ത് സ്മരണകൾ: ഓർമയെഴുത്തിന്റെ രാഷ്ട്രീയ ജീവിതം

ഡോ. വി ഹിക്മത്തുല്ല

മലബാർ സമരത്തിന്റെ മുന്നണിപ്പോരാളികളിൽ ഒരാളാണ് മോഴികുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്. നാരായണൻ സോമയാജിപ്പാടിന്റെയും സാവിത്രി അടിതിരിപ്പാടിന്റെയും മകനായി 1897ൽ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിലെ മോഴികുന്നത്ത് മനയിൽ ജനിച്ച അദ്ദേഹം വേദത്തിലും സംസ്കൃത കാവ്യങ്ങളിലുമെല്ലാം അവഗാഹം നേടിയിരുന്നു. വള്ളത്തോളും നാലപ്പാട്ട് നാരായണ മേനോനുമൊക്കെ സുഹൃത്തുക്കളായി ഉണ്ടായിരുന്നു.

സ്വാതന്ത്ര്യ പ്രസ്ഥാനത്തിലേക്കുള്ള ഗാന്ധിജിയുടെ പ്രവേശനമാണ് മോഴികുന്നത്തിനെ 1918ൽ തന്നെ രാഷ്ട്രീയത്തിലേക്ക് ആകർഷിച്ചത്. ചെർപ്പുളശ്ശേരി മണ്ഡലം കോൺഗ്രസ് പ്രസിഡന്റായി. കോൺഗ്രസും ഖിലാഫത്ത് പ്രസ്ഥാനവുമായി സഹകരിച്ചു പ്രവർത്തിച്ചതിനാൽ 1921ൽ അറസ്റ്റ് ചെയ്യപ്പെട്ടു. ഇക്കാരണത്താൽ ബ്രാഹ്മണ സമുദായത്തിൽ നിന്നു പുറത്താക്കി. എങ്കിലും ബ്രിട്ടീഷുകാർക്കെതിരായ പ്രവർത്തനം നിർത്തിവെച്ചില്ല.

മോഴികുന്നത്തിന്റെ 'ഖിലാഫത്ത് സ്മരണകൾ' എന്ന പുസ്തകം 1921നെക്കുറിച്ചുള്ള ഓർമകളാണ്. ഇത് പ്രസിദ്ധീകരിക്കുന്നതിനു പിന്നിൽ ഒരു 12കാരനുണ്ടായിരുന്നു. മോഴികുന്നത്തിന്റെ ഭാര്യാസഹോദര പുത്രൻ നീലകണ്ഠൻ. മോഴികുന്നത്തിന് പെണ്ണു കൊടുത്ത വള്ളിക്കുന്ന് എടശ്ശേരി ഇല്ലത്തെ ഇപ്പോഴത്തെ കാരണവർ കൂടിയാണ് ഈ 76കാരൻ. ദേശീയ അവാർഡ് നേടിയ അധ്യാപകനും വോളിബാൾ താരവും വായനശാലാ പ്രവർത്തകനും സംഘാടകനുമൊക്കെയാണ് നീലകണ്ഠൻ നമ്പൂതിരി മാഷ്. മലബാർ സമരത്തെപ്പറ്റി അദ്ദേഹത്തിന് കൃത്യമായ

നിലപാടുകളുണ്ട്.

നോവലിസ്റ്റ് റഹ്മാൻ കിടങ്ങയം മലബാർ സമരം പശ്ചാത്തലമാക്കി രചിച്ച 'അന്നിരുപത്തൊന്നില്' എന്ന നോവലിൽ മോഴികുന്നത്തിന്റെ ജീവിതം വിശദമായി എഴുതിയിട്ടുണ്ട്. മോഴികുന്നത്തിനെ പലരും മറന്നു തുടങ്ങിയ കാലത്ത് ഇത്തരം എഴുത്തുകൾ വലിയ ഊർജമാണ് ഉണ്ടാക്കുന്നതെന്ന് നോവൽ വായിച്ച് നീലകണ്ഠൻ മാഷ് ആഹ്ലാദം പങ്കുവെച്ചു. മോഴികുന്നത്തിന്റെ സ്മരണകൾ പകർത്തിയെഴുതിയ അദ്ദേഹം മലബാർ സമരത്തിന്റെ നൂറാം വർഷത്തിൽ ഓർമകളെ സമകാലിക രാഷ്ട്രീയ വിചാരമായി മാറ്റുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ നേതാവെന്ന നിലയ്ക്കാണ് മോഴികുന്നത്തിനെ ബ്രിട്ടീഷുകാർ വേട്ടയാടിയതെന്ന് നമുക്ക് അറിയാം. കള്ളക്കേസുകൾ ചുമത്തി അദ്ദേഹത്തെ പിടികൂടാൻ പട്ടാളം ഇല്ലത്തെത്തി. വസ്ത്രം മാറാനോ ഊണു കഴിക്കാനോ അനുവദിക്കാതെ അദ്ദേഹത്തെ മുറ്റത്തേക്കിറക്കി. അന്തർജനങ്ങൾ കരഞ്ഞുകൊണ്ട് നോക്കിനിൽക്കെ, അദ്ദേഹത്തെ കൈകൾ പിന്നാക്കം പിടിച്ചുകെട്ടി കഴുത്തിൽ കയറിട്ട് വലിച്ചു. പിന്നീട് കച്ചേരിക്കുന്നിൽ വെച്ച്, മറ്റു തടവുകാരുടെ കൂടെ ചേർത്ത്, പിന്നാക്കം ബന്ധിച്ച് പരസ്പരം കൂട്ടിക്കെട്ടി. കുതിരപ്പട്ടാളം ചെർപ്പുളശ്ശേരി തൊട്ട് കാറൽമണ്ണ, ഒറ്റപ്പാലം, വാണിയംകുളം തുടങ്ങിയ സ്ഥലങ്ങളിലൂടെ തടവുകാരെ ചെമ്മരിയാടുകളെപ്പോലെ ഓടിച്ച് ഷൊർണൂർ സ്റ്റേഷനിൽ എത്തിച്ചു.

മനുഷ്യ മനഃസാക്ഷിയെ വിറങ്ങലിപ്പിക്കുന്ന ക്രൂരതകളാണ് ബ്രിട്ടീഷ് ഭരണകൂടം മോഴികുന്നത്തിനോടും മറ്റു മാപ്പിള തടവുകാരോടും ചെയ്തത്. നാസികൾ ജൂതരോട് കാണിച്ച കൊടുംക്രൂരതകളെല്ലാം വെള്ളപ്പട്ടാളം ഇവിടെ ആവർത്തിച്ചിട്ടുണ്ട്. പിന്നീട് ജയിലുകളിൽ നിന്നു ജയിലിലേക്ക്, കോടതികളിൽ നിന്നു കോടതികളിലേക്ക് ആട്ടിത്തെളിക്കപ്പെട്ട തടവുകാർ. ഒരു സവർണനായ തന്നോട് ഇങ്ങനെ പെരുമാറിയെങ്കിൽ ദരിദ്രനായ ഒരു മാപ്പിളയോട് എങ്ങനെ പെരുമാറിയിട്ടുണ്ടാവും എന്ന് ഊഹിച്ചാൽ മതിയെന്ന് മോഴികുന്നത്ത് പറയുന്നുണ്ട്.

ഒടുക്കം ഹൈക്കോടതിയുടെ കൽപന പ്രകാരം കോയമ്പത്തൂർ ജയിലിൽ നിന്ന് അദ്ദേഹത്തെ വിട്ടയച്ചു. എന്നാൽ, ഇല്ലത്ത് മടങ്ങിയെത്തിയപ്പോൾ സമുദായം അദ്ദേഹത്തിന് ഭ്രഷ്ട് കൽപിച്ചു. വിവിധ സമുദായങ്ങളോട് കൂടിക്കഴിഞ്ഞതായിരുന്നു കാരണം. ഭ്രഷ്ടിന്റെ ഗൗരവം കൂടിയതിനാൽ ചെർപ്പുളശ്ശേരിയിൽ നിന്ന് അദ്ദേഹം പട്ടാമ്പിയിലേക്ക് താമസം മാറ്റി. ഒരു വർഷം പിന്നിട്ടപ്പോൾ വല്യമ്മ മരണപ്പെട്ടു. പിന്നീട് അമ്മയും. മരണവീട്ടിൽ നിൽക്കാൻ അനുവദിക്കാത്തതുകൊണ്ട് അദ്ദേഹത്തിന് പെ



Scanned with CamScanner

ട്ടെന്ന് തിരിച്ചുപോരേണ്ടിവന്നിരുന്നു. ഇതിനു ശേഷമാണ് അദ്ദേഹം സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ പ്രവർത്തനങ്ങൾ തുടങ്ങിയത്.

അമ്മയുടെ മരണത്തിനു ശേഷം ആചാരങ്ങളും പൂണൂലുമെല്ലാം ഉപേക്ഷിച്ചു. അതോടെ ഭ്രഷ്ടിന്റെ കാഠിന്യവും വർധിച്ചു. ഒന്നാം ലോകയുദ്ധവും ഖിലാഫത്ത്-ജന്മിത്വവിരുദ്ധ സമരങ്ങളുമെല്ലാം ജന്മിത്വം അവസാനിപ്പിക്കുന്നതിൽ പങ്കുവഹിച്ചു. ജീവിക്കാൻ ആചാരലംഘനം ആവശ്യമായി. ഇത്തരം മാറ്റങ്ങൾ കാരണമായി മോഴികുന്നത്തിന് സമുദായത്തിൽ വീണ്ടും സ്ഥാനം ലഭിച്ചു. പിന്നീട്, പട്ടാമ്പി പഞ്ചായത്ത് പ്രസിഡന്റായി. യോഗക്ഷേമ സഭയുടെയും പ്രവർത്തകനായിരുന്നു.

## പോരാളിക്ക് പെണ്ണു കൊടുത്ത എടശ്ശേരി ഇല്ലം

ജയിൽമോചിതനായ ശേഷം മോഴികുന്നത്തിന് ഒരു ഇല്ലവും പെണ്ണു കൊടുത്തില്ല. മാപ്പിളയുടെയും ചെറുമന്റെയും കൂടെ ജയിലിൽ കിടന്നവൻ, പോത്തിറച്ചി തിന്നുന്നവൻ എന്നൊക്കെയായിരുന്നു ആരോപണം. വള്ളത്തോൾ ഒരിക്കൽ സമാശ്വസിപ്പിച്ചു: "എന്നാൽ നമ്പൂതിരിയല്ലാത്ത ജാതിയിൽ നിന്ന് പെണ്ണു നോക്കിയാലോ?" പക്ഷേ, മോഴികുന്നത്തിന് വാശിയായിരുന്നു, നമ്പൂതിരി സമുദായത്തിൽ നിന്നുതന്നെ താൻ കെട്ടുമെന്ന്. 1932ൽ വള്ളിക്കുന്ന് എടശ്ശേരി ഇല്ലത്തെ സാവിത്രിയെയാണ് വേളി കഴിച്ചത്.

മോഴികുന്നത്തിന് പെണ്ണു ചോദിച്ച് ഇല്ലത്തേക്ക് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ വന്നു. അന്ന് കാരണവസ്ഥാനത്തുള്ള ശ്രീദേവി അന്തർജനം ചോദിച്ചുവത്രേ: "ഗാന്ധിജിയുടെയും നെഹ്റുവിന്റെയും കൂടെ ജയിലിൽ കിടന്ന ആളാണോ?"

വന്നവർ പറഞ്ഞു: "അല്ല, അവർ വേറെ ജയിലിലായിരുന്നു. ഇദ്ദേഹം ബെല്ലാരിയിലാ കിടന്നത്."

"എന്തായാലും അവരൊന്നും മോഷണം നടത്തിയല്ലല്ലോ ജയിലിൽ പോയത്, നാടിനു വേണ്ടിയല്ലേ? നാടിന്റെ സ്വാതന്ത്ര്യ പോരാട്ടത്തിൽ പങ്കെടുത്ത് ജയിലിൽ പോയവന് ഞാൻ എന്റെ മകളെ കൊടുക്കാം"- ശ്രീദേവി അന്തർജനം ഉറപ്പിച്ചു.

ഭർത്താവ് മരിച്ചിട്ട് ഒറ്റയ്ക്കായിരുന്നു അവർ. കുറേ ഭൂമിയുണ്ടായിരുന്നെങ്കിലും വരുമാനം കുറവാണ്. നീലകണ്ഠന്റെ അച്ഛമ്മയുടെ ഭർത്താവ് (മുത്തച്ഛൻ) മധുരയിൽ വെച്ച് വസൂരി വന്ന് മരിച്ചതാണ്. അന്ന് മക്കൾ ചെറുതാണ്. ഭർത്താവിന്റെ മരണത്തിന് 10 വർഷം കഴിഞ്ഞാണ് മോഴികുന്നത്തിനു വേണ്ടിയുള്ള ഈ പെണ്ണുചോദിച്ചു വരവ്. അങ്ങനെ ആ കല്യാണം നടന്നു. 1930ലാണിത്. മകൾ സാവിത്രിയെ മോഴികുന്നത്തിന് വിവാഹം ചെയ്തുകൊടുക്കാൻ ശ്രീദേവി അന്തർജനം സ്വന്തമായി

തീരുമാനമെടുത്തു എന്നർഥം.

സമുദായം മോഴികുന്നത്തിന് കൽപിച്ചിരുന്ന ഭ്രഷ്ട് മാറ്റാൻ പിഴയൊടുക്കിയാൽ സാധിക്കുമെന്ന് ഇഎംഎസിന് തോന്നുകയും അദ്ദേഹം അതിനു ശ്രമിക്കുകയും ചെയ്തു. എന്നാൽ മോഴികുന്നത്ത് അതിന് സമ്മതിച്ചില്ല. ഭ്രഷ്ടൊക്കെ കാലാന്തരത്തിൽ മാറിക്കൊള്ളുമെന്നായിരുന്നു മോഴികുന്നത്തിന്റെ നില. വിവാഹത്തിന് കാർമികത്വം വഹിക്കാൻ ആരും വരാൻ തയ്യാറായില്ല. പിന്നീട് പുരോഗമനവാദിയായ ചോല നമ്പൂതിരി വന്നാണ് കർമങ്ങൾ നടത്തിക്കൊടുത്തത്.

മോഴികുന്നത്തിനു പെണ്ണു കൊടുത്തതോടെ വള്ളിക്കുന്നിലെ എടശ്ശേരി ഇല്ലം 'മാപ്പിള ഇല്ല'മായി മാറി. എടശ്ശേരി ഇല്ലക്കാർക്ക് വേറെയും ചില വിപ്ലവങ്ങൾ അവകാശപ്പെടാനുണ്ട്. പല ജാതിക്കാരുമായി ജയിലിൽ കഴിഞ്ഞ ആൾക്ക് പെണ്ണു കൊടുത്തു എന്നതിനു പുറമേ, കടൽ കടന്നു യാത്ര ചെയ്ത് ആചാരലംഘനം നടത്തിയ ആൾക്കും ഇവിടെ നിന്ന് പെണ്ണു കൊടുത്തു. നീലകണ്ഠന്റെ അച്ഛന്റെ ചെറിയമ്മയുടെ മകളെ ഒരു പട്ടാളക്കാരനാണ് വിവാഹം ചെയ്തത്. ഒന്നാം ലോകയുദ്ധത്തിൽ ഇറ്റലിയിൽ പോയി യുദ്ധം ചെയ്ത ആളാണ്, അഥവാ കടൽ കടന്ന് യുദ്ധം ചെയ്ത ആൾ. അങ്ങനെയുള്ളവർക്ക് സമുദായത്തിൽ നിന്ന് അക്കാലം വരെ പെണ്ണുകൊടുത്തിരുന്നില്ല.

അതുപോലെ മറ്റൊരു വിപ്ലവം കൂടിയുണ്ട്. കോരപ്പുഴയ്ക്കപ്പുറം കൊയിലാണ്ടി ഭാഗത്തുള്ള നമ്പൂതിരിമാർ ശരിക്കുള്ള ബ്രാഹ്മണരല്ല എന്ന് ഇവിടെയൊക്കെ കരുതിപ്പോന്നിരുന്നു. എന്നിട്ടും ആ ഭാഗത്തേക്കാണ് ഇവിടത്തെ ആദ്യത്തെ മകളെ കല്യാണം കഴിച്ചുവിടുന്നത്. ഇതെല്ലാം ശ്രീദേവി അന്തർജനം മുന്നിൽ നിന്നു നടത്തി.

മോഴികുന്നത്തിന്റെ വിവാഹസന്ദർഭവും വലിയ പുതുമയുള്ളതായിരുന്നു. ഇല്ലത്തെ പണിക്കാർക്കും മാറു മറയ്ക്കാൻ അവകാശമില്ലാത്ത കീഴാള സ്ത്രീകൾക്കുമെല്ലാം ബ്ലൗസും റൗക്കയും വാങ്ങിയാണ് അദ്ദേഹം വന്നത്. എല്ലാം നല്ല മുന്തിയ പെട്ടിയിലാണ് കൊണ്ടുവന്നത്. അതുപോലെ ഓലക്കുട മാറ്റി ശീലക്കുടയാക്കാൻ പറഞ്ഞ് അതും കൊണ്ടുവന്നു. അതെല്ലാം ഇവിടെ വിതരണം ചെയ്തു. കീഴാളരെ ബ്ലൗസ് ധരിപ്പിച്ചത് അന്നത്തെ കാലത്ത് വലിയ സംഭവം തന്നെയായിരുന്നു. കല്യാണത്തിന്റെ ഘോഷയാത്രയും എടുത്തുപറയേണ്ടതാണ്. കല്യാണം കഴിഞ്ഞ് ജാഥയായി വള്ളിക്കുന്ന് റെയിൽവേ സ്റ്റേഷൻ വരെ വലിയൊരു ജനക്കൂട്ടം കൂടെയുണ്ടായിരുന്നു. മാപ്പിളയും ചെറുമനും നായരും തിയ്യരുമെല്ലാം ഒരുമിച്ച് ആ കാൽനട യാത്രയിലുണ്ടായിരുന്നു. ഇതെല്ലാം അക്കാലത്ത് വലിയ ചർച്ചയായ സംഭവങ്ങളായിരുന്നു.

മോഴികുന്നത്തുമായുള്ള ബന്ധത്തിനു ശേഷമാണ് അന്യാധീനപ്പെട്ട പല ഭൂമിയും ഇടശ്ശേരി ഇല്ലത്തിന് തിരിച്ചുകിട്ടുന്നത്. ചിലാഫത്തിൽ പോയ ആൾ തിരിച്ചുവന്നിരിക്കുന്നു എന്നതിനാൽ കുടിയാൻമാർ ഇല്ലത്തേക്കു തന്നെ ഭൂമി വിട്ടുകൊടുത്തു. 1932ൽ വള്ളിക്കുന്നിൽ കോൺഗ്രസ് കമ്മിറ്റി ഉണ്ടാക്കിയതും മോഴികുന്നത്താണ്. നീലകണ്ഠന്റെ അച്ഛനെ പഠിപ്പിക്കാൻ പട്ടാമ്പിയിലേക്ക് കൊണ്ടുപോയതും അദ്ദേഹം തന്നെ. പട്ടാമ്പി സി ഇ നായർ ഹൈസ്കൂളിലാണ് അദ്ദേഹത്തെ ചേർത്തത്. മങ്കട കോവിലകം വകയാണ് സ്കൂൾ.

1942ൽ ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം സജീവമായപ്പോൾ അതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് ഫെഡറേഷൻ രൂപീകരിച്ചു. അതിൽ നീലകണ്ഠന്റെ അച്ഛൻ അംഗമായി. മോഴികുന്നത്തുമായുള്ള അടുപ്പമാണ് അദ്ദേഹത്തെ ഇത്തരം വിപ്ലവ ചിന്താഗതികളിലേക്ക് നയിച്ചത്. 'ഫ്രീഡം, പീസ് ആന്റ് പ്രോഗ്രസ്' എന്നതായിരുന്നു മുദ്രാവാക്യം. സ്റ്റുഡന്റ്സ് ഫെഡറേഷൻ വള്ളുവനാട് താലൂക്ക് കമ്മിറ്റിയായിരുന്നു സ്കൂളിൽ വെച്ച് രൂപീകരിച്ചത്. ഇവരെ മുഴുവൻ സ്കൂളിൽ നിന്നു പുറത്താക്കി. ഇക്കാരണത്താൽ സ്കൂളിന്റെ അംഗീകാരവും റദ്ദായി. സാമ്പത്തിക സ്ഥിതിയുള്ള പലരും മറ്റു സ്കൂളുകളിൽ പോയി ചേർന്നു.

നീലകണ്ഠന്റെ അച്ഛൻ 1944ൽ വള്ളിക്കുന്നിൽ തിരികെയെത്തി. ആ വർഷം തന്നെ വിവാഹം കഴിച്ചു. 1945ൽ നീലകണ്ഠൻ ജനിച്ചു. അക്കാലത്ത് മക്കൾക്കാർക്കും ഉപനയനം (പൂണൂലിടൽ ചടങ്ങ്) നടത്തിയിട്ടില്ല. ആരും പൂണൂൽ ധരിക്കാറില്ല. അച്ഛൻ മനുഷ്യനായി വളരാൻ പഠിപ്പിച്ചു. എന്നാൽ, പൂജ ചെയ്യാൻ ആളില്ലാത്ത അവസ്ഥ വന്നപ്പോൾ പേരക്കുട്ടികളിൽ ചിലരെ അദ്ദേഹം കർമങ്ങൾ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വള്ളിക്കുന്ന് പ്രദേശത്ത് മുമ്പ് പല ഇല്ലങ്ങളും ഉണ്ടായിരുന്നു. ഇന്ന് രണ്ടെണ്ണം മാത്രമേയുള്ളൂ. ഇത് മാപ്പിളസമരക്കാലത്ത് ഒഴിവായിപ്പോയതാണെന്നാണ് കെട്ടുകഥകൾ. യഥാർഥത്തിൽ 1921ലും ഇവിടെ രണ്ട് ഇല്ലങ്ങളേയുള്ളൂ. രണ്ടും ഇന്നുമുണ്ട്. 1921ൽ പതിനായിരം ഹിന്ദുക്കൾ കൊല്ലപ്പെട്ടുവെന്നും ഇതൊക്കെ മാപ്പിളമാർ ചെയ്തതാണെന്നും ഇന്നു പലരും പ്രചരിപ്പിക്കുന്നു. യഥാർഥത്തിൽ ബ്രിട്ടീഷുകാരുടെ അക്രമങ്ങളിൽ മരണപ്പെട്ടവരാണ് ഇവരിൽ അധികവും.

## സ്മരണകൾ പുസ്തകമാക്കിയ കഥ

നീലകണ്ഠൻ പരപ്പനങ്ങാടി ഹൈസ്കൂളിൽ പഠിക്കുന്ന കാലം. അദ്ദേഹത്തിന് അന്ന് 12 വയസ്സാണ്. നടന്നാണ് സ്കൂളിൽപ്പോക്ക്. കെഎസ്യുവിലാണ് അന്ന് പ്രവർത്തിക്കുന്നത്. വഴിയിൽ ചിലർ ചോദിച്ചു: "നിങ്ങളൊക്കെ കെഎസ്യുവിലാണെന്നു കേട്ടു. അതെന്തേ? ഹിന്ദുക്കളെ രക്ഷി



Scanned with CamScanner

ക്കാൻ ഉണ്ടാക്കിയ പാർട്ടിയിൽ ചേർന്നുകൂടേ? മാപ്പിളമാർ ഖിലാഫത്ത് കാലത്ത് പിടിച്ചെടുത്തതാണ് മമ്പുറത്തെ പള്ളി. അത് ശിവക്ഷേത്രമായിരുന്നു. അതൊക്കെ തിരിച്ചെടുക്കാൻ നിങ്ങൾ ഞങ്ങളോടൊപ്പം ചേരണം."

നീലകണ്ഠന് തന്റെ കൂട്ടുകാരൻ അബ്ദുൽ ലത്തീഫിന്റെ കൂടെ പോയി മമ്പുറം പള്ളി കണ്ട അനുഭവമുള്ളതുകൊണ്ട് ഇവരുടെ നുണ വിശ്വസിച്ചില്ല. ചെറിയ സംവാദമുണ്ടായി. അദ്ദേഹം ചോദിച്ചു: "ഖിലാഫത്തിൽ പിടിച്ചെടുത്ത ഒരൊറ്റ അമ്പലം കാണിച്ചുതരാമോ?" "എന്നാൽ പിന്നെ അതിനു മുമ്പെപ്പോഴെങ്കിലുമായിരിക്കും" എന്നായി അവർ.

അവരെ വെല്ലുവിളിക്കാനുള്ള ധൈര്യം നീലകണ്ഠനു ലഭിക്കുന്നത് മോഴികുന്നത്തുമായുള്ള സമ്പർക്കം കാരണമാണ്. വാരാന്ത്യങ്ങളിൽ പട്ടാമ്പിയിൽ അമ്മാവന്റെ വീട്ടിൽ പോകുന്ന നീലകണ്ഠന് അവിടെയുള്ള ഏട്ടന്മാരോടാണ് കൂട്ട്. സംശയങ്ങൾ മുഴുവൻ അമ്മാവൻ മോഴികുന്നത്തിനോട് ചോദിക്കും. പ്രമേഹരോഗിയായ അദ്ദേഹം ഒരു മെതിയടിയിട്ട് ചികിൽസാർഥം നടക്കുമായിരുന്നു. അപ്പോഴായിരുന്നു പല കാര്യങ്ങളും സംസാരിച്ചിരുന്നത്. ഹിന്ദുത്വവാദികൾ തന്നോട് 12ാം വയസ്സിൽ തർക്കിച്ചത് നീലകണ്ഠൻ മോഴികുന്നത്തിനോട് പങ്കുവെച്ചിരുന്നു. തന്റെ ഖിലാഫത്ത് കാല സ്മരണകൾ പെട്ടെന്ന് എഴുതണമെന്ന് അദ്ദേഹത്തിന് തോന്നാൻ അത് കാരണമായിട്ടുണ്ട്.

സമുദായ സൗഹാർദം നിലനിൽക്കാൻ ചില കാര്യങ്ങൾ തുറന്നുപറയണമെന്ന് അദ്ദേഹം കരുതിയിട്ടുണ്ടാവണം. വരുംതലമുറയ്ക്കായി ചരിത്രത്തിലെ ചില സന്ദർഭങ്ങൾ ഓർമിപ്പിക്കേണ്ടതിന്റെ രാഷ്ട്രീയ പ്രസക്തിയാണ് അദ്ദേഹത്തെ ഗ്രന്ഥരചനയ്ക്ക് പ്രേരിപ്പിച്ചത്.

മോഴികുന്നത്തിന്റെ മക്കളായ നീലകണ്ഠനും സാവിത്രിയും അമ്മാവന്റെ ഓർമകൾ എഴുതിവെക്കാൻ സഹായിക്കുമായിരുന്നു. അളിയന്റെ മകനായ നീലകണ്ഠൻ ഉള്ളപ്പോൾ പിന്നെ അവനായി പ്രധാന എഴുത്തുകാരൻ. 'ഉണ്ണി നമ്പൂതിരി'യുടെ പഴയ ലക്കങ്ങൾ നോക്കും, അധ്യായങ്ങളുടെ ഘടനയിൽ ചില്ലറ മാറ്റങ്ങൾ വരുത്തും- ഇങ്ങനെ പല പണികളായിരുന്നു നീലകണ്ഠന്.

1964 വരെയുള്ള മൂന്നു വർഷം ഇത് തുടർന്നു. നീലകണ്ഠൻ വള്ളിക്കുന്നിലേക്ക് പോകുമ്പോൾ മോഴികുന്നത്ത് സ്വന്തം മക്കളെക്കൊണ്ട് എഴുതിപ്പിക്കും. വാരാന്ത്യത്തിൽ പട്ടാമ്പിയിൽ വരുമ്പോൾ നീലകണ്ഠൻ ബാക്കി പണികൾ ചെയ്യും. ഈ നിരന്തര യാത്രയ്ക്കിടയിൽ ഡിഗ്രി പഠനം അൽപം ഉഴപ്പി.

മോഴികുന്നത്ത് പറയുന്നത് അക്ഷരംപ്രതി എഴുതിക്കൊടുക്കുകയാണ് ചെയ്തിരുന്നത്. വിദ്യാർഥിയായ നീലകണ്ഠനോട് നെഹ്റുവിന്റെ 'ഡി

സ്കവറി ഓഫ് ഇന്ത്യ' വായിക്കാൻ പറയും. ഡിക്ഷണറി പോലും നോക്കാതെ പഴയ നാലാം ക്ലാസുകാരനായ മോഴികുന്നത്ത് അർഥം പറഞ്ഞു കൊടുക്കും. നല്ല അറിവും ഓർമശക്തിയുമായിരുന്നു. അങ്ങനെ ഗ്രന്ഥ രചന പൂർത്തിയായി. അച്ചടിക്കാൻ തന്റെ പരിചയക്കാരനായ നോർമൻ പ്രിന്റിങ് പ്രസ് ഉടമ അച്യുതൻ നായർക്ക് മോഴികുന്നത്ത് ഒരു എഴുത്തെഴുതിവെച്ചു. അത് കൊണ്ടുപോയി കൊടുക്കണം എന്നു പറഞ്ഞ ആ രാത്രിയാണ് അവിചാരിതമായി മരണം മോഴികുന്നത്തിനെ തേടിയെത്തുന്നത്. ഹൃദയസ്തംഭനമായിരുന്നു കാരണം.

1957 മുതൽ 64 വരെയുള്ള കാലത്ത്, ഗ്രന്ഥം തയ്യാറാക്കിത്തീരുന്നതുവരെ മോഴികുന്നത്തുമായി പല വിഷയങ്ങളും അടുത്തു സംസാരിക്കാൻ നീലകണ്ഠൻ മാഷിന് അവസരമുണ്ടായി. പുസ്തകരൂപത്തിൽ വന്ന ഗ്രന്ഥം കാണാൻ മോഴികുന്നത്തിന് ഭാഗ്യമുണ്ടായില്ല എന്നതാണ് സങ്കടം.

നീലകണ്ഠൻ തന്റെ അച്ഛൻ പറഞ്ഞതു പ്രകാരം കെ പി കേശവ മേനോന്റെ അടുത്തു പോയി കൈയെഴുത്തുപ്രതി വായിക്കാൻ കൊടുത്തു. മേനോൻ പറഞ്ഞു: "എഴുതിയത് നൂറു ശതമാനം ശരിയാണ്. ഞങ്ങൾക്ക് ചില പ്രശ്നങ്ങൾ പറ്റിയതായി ഇതിൽ വിമർശനമുണ്ട്. ആ ഭാഗം ഒഴിവാക്കാം. ചരിത്രത്തിൽ വിഡ്ഢിത്തം പറ്റാത്തതായി ആരാണുള്ളത്?"

അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ആ ഭാഗം ഒഴിവാക്കിയാണ് പിന്നീട് പ്രസിദ്ധീകരിച്ചത്. 'ചന്ദ്രിക'യും 'ദേശാഭിമാനി'യും ഒക്കെ പ്രസിദ്ധീകരിക്കാൻ തയ്യാറായിരുന്നു. അതൊരു രാഷ്ട്രീയ വടംവലിയാകേണ്ടെന്നു കരുതി നവകേരള കോ-ഓപറേറ്റീവ് പ്രസ്സിനെയാണ് ഏൽപിച്ചത്.

'ഖിലാഫത്ത് സ്മരണകൾ' 1965ൽ പ്രസിദ്ധീകരിച്ചു. ഖിലാഫത്തിനെക്കുറിച്ചുള്ള ഒരു അനുഭവസ്ഥന്റെ ഓർമകൾ എന്ന പ്രാധാന്യം പുസ്തകത്തിനുണ്ട്. ആദ്യം അച്ചടിച്ച ആയിരം കോപ്പിയും ചെലവായി. നീലകണ്ഠൻ മാഷിന്റെ കൈയിൽ ഉണ്ടായിരുന്ന ഏക കോപ്പി പോലും ടി ദാമോദരൻ വന്ന് തിരക്കഥ എഴുതാൻ കൊണ്ടുപോയി. കേരള സാഹിത്യ അക്കാദമി 1993ൽ പ്രസ്തുത പുസ്തകം പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. 3000 കോപ്പി ഇറക്കി. അതിനു ശേഷം 'മാതൃഭൂമി'യാണ് പ്രസിദ്ധീകരിച്ചത്. ഇപ്പോൾ ആറാം പതിപ്പിൽ എത്തിനിൽക്കുന്നു.

ഡോ. കെ കെ എൻ കുറുപ്പ് ഈ പുസ്തകം ഇംഗ്ലീഷിലേക്ക് മൊഴിമാറ്റാനുള്ള അനുവാദം വാങ്ങി. എസ് എം മുഹമ്മദ് കോയയാണ് ഇത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത്. യാദൃച്ഛികമായിരിക്കാം, പണി പൂർത്തിയായ അന്ന് അദ്ദേഹവും മരണപ്പെട്ടു.

മോഴികുന്നത്ത് സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങിയിട്ടില്ല. മലബാർ



Scanned with CamScanner

ഡിസ്ട്രിക്ട് ബോർഡ് അംഗമായും ടെക്സ്റ്റ് ബുക്ക് കമ്മിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. അക്കാലത്ത് ഒരു സംഭവമുണ്ടായി. പി കെ ബ്രദേഴ്സ് പ്രസിദ്ധീകരിച്ച ഒരു പുസ്തകം അന്ന് മലബാർ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി അംഗീകരിച്ചിരുന്നു. കമ്മിറ്റി അംഗമായ ടി സി നാരായണൻ നമ്പ്യാർ പി കെ ബ്രദേഴ്സിൽ നിന്ന് ലഭിച്ച അഞ്ചു രൂപ ഭാര്യക്ക് മണിയോർഡർ ചെയ്തത് തെളിവായെടുത്ത് കൈക്കൂലി വാങ്ങിയെന്നു പറഞ്ഞ് വിവാദമുണ്ടായി. ഇതറിഞ്ഞ മോഴികുന്നത്ത് ഈ ഉത്തരവാദിത്വം ഏറ്റെടുത്ത് ജയിലിൽ പോകാൻ തയ്യാറായി. അദ്ദേഹം അങ്ങനെ വാങ്ങിയിട്ടുണ്ടെങ്കിൽ ഡിസ്ട്രിക്ട് ബോർഡ് അംഗം എന്ന നിലയ്ക്ക് താനും ശിക്ഷയ്ക്ക് അർഹനാണ് എന്നായിരുന്നു വാദം. ഇതിന്റെ പേരിൽ അദ്ദേഹം ഒരു ദിവസം ലോക്കപ്പിൽ കിടക്കുകയും ചെയ്തു.

ഇങ്ങനെയുള്ള ധീരമായ നിലപാടുകൾ മോഴികുന്നത്തിന്റെ ജീവിതത്തിൽ ധാരാളം കാണാം. ബ്രഹ്മസ്വം മഠത്തിൽ പഠിച്ച കാലത്തു തന്നെ മോഴികുന്നത്ത് അവിടെ ആദ്യമായി മണ്ണെണ്ണവിളക്ക് കത്തിച്ചു വിപ്ലവമുണ്ടാക്കിയിട്ടുണ്ട്. പട്ടാമ്പിയിൽ താമസിക്കുന്ന സന്ദർഭത്തിൽ ഐ സി പി നമ്പൂതിരി, വി ടി ഭട്ടതിരിപ്പാട്, ആര്യ പള്ളം തുടങ്ങിയവരൊക്കെ സൗഹൃദവലയത്തിൽ ഉണ്ടായിരുന്നു. ഇഎംഎസിന് പല സന്ദർഭങ്ങളിലും സാമ്പത്തിക സഹായം ചെയ്തിരുന്നതുപോലും മോഴികുന്നത്താണ്.

എടശ്ശേരി ഇല്ലം പണ്ടുമുതലേ ജാതി-മതവ്യത്യാസങ്ങൾ പ്രകടിപ്പിച്ചിട്ടില്ല. ദലിതരായ തൊഴിലാളികൾക്ക് കുഴി കുത്തി ഭക്ഷണം കൊടുക്കുന്ന കാലത്ത് ഇല്ലത്തിനകത്തേക്കിരുത്തി പാത്രത്തിൽ തന്നെ ഭക്ഷണം വിളമ്പിക്കൊടുത്തിരുന്നു. മുതിർന്ന ദലിതരെ ഏട്ടൻ, അമ്മായി എന്നിങ്ങനെ ബഹുമാന പദങ്ങൾ വിളിക്കണമെന്ന് മക്കളെ പഠിപ്പിച്ചിരുന്നു. അന്നത്തെ നടപ്പുരീതികൾക്ക് എതിരായിരുന്നു ഇതെല്ലാം. അതുകൊണ്ടുതന്നെ മാപ്പിളമാരുടെയും കീഴാളരുടെയും പിന്തുണ എടശ്ശേരി ഇല്ലത്തിന് എന്നും ഉണ്ടായിരുന്നു. അയിത്തം തീവ്രമായി നിലനിൽക്കുന്ന കാലമായിട്ടു പോലും മോഴികുന്നത്തിന്റെ ഭാര്യാമാതാവ് (അച്ഛമ്മ) താണ ജാതിക്കാരും കർഷകത്തൊഴിലാളികളുമായ ചെറുമക്കൾക്ക് അടുത്തു വിളിച്ചു ഭക്ഷണം കൊടുത്തിരുന്നു. എന്നിരുന്നാലും അച്ഛമ്മയുടെ ഏറ്റവും വലിയ വിപ്ലവമായി മാഷ് കാണുന്നത് മോഴികുന്നത്തിനെപ്പോലെ ഒരാൾക്ക് മകളെ കൊടുക്കാൻ തയ്യാറായി എന്നതുതന്നെയാണ്.

കെ പി കേശവ മേനോനും കോഴിപ്പുറത്ത് മാധവ മേനോനും മാപ്പിളമാരെ കണ്ട് സംസാരിക്കാൻ വന്ന ഒരു സംഭവം മോഴികുന്നത്ത് പറഞ്ഞതായി നീലകണ്ഠൻ മാഷ് ഓർക്കുന്നു. കുതിരവണ്ടിയിൽ പാറക്കടവ് വരെ എത്തി. പള്ളിയിൽ നിന്ന് ഒരാൾ  തോണിയുമായി കാത്തുനിൽ



Scanned with CamScanner

ക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു: “നിങ്ങൾ ഇപ്പോൾ മാപ്പിളമാരുടെ അടുത്തേക്ക് പോകാത്തതാണ് നല്ലത്. അവർ നിങ്ങൾക്കെതിരായി തിരിഞ്ഞിട്ടുണ്ട്.” അങ്ങനെ നേതാക്കൾ തിരിച്ചുപോയി. തോണിക്കാരൻ നേരെ ചെന്ന് മാപ്പിളമാരുടെ അടുത്തു പോയി പറഞ്ഞു: “കേശവ മേനോനും കൂട്ടരും വന്നില്ല. മാപ്പിളമാരുടെ അടുത്തേക്ക് വരാൻ അവർക്ക് താൽപര്യമില്ലത്രേ!”

ഈ തോണിക്കാരൻ ബ്രിട്ടീഷുകാരുടെ ഏജന്റായിരുന്നു. അവർക്കുവേണ്ടിയാണ് ഈ പണി ചെയ്തത്. ഇത്തരം ധാരാളം സംഭവങ്ങൾ ബ്രിട്ടീഷുകാർ മുൻകൈയെടുത്തു നടത്തിയിരുന്നു. തമ്മിൽ തല്ലിക്കുന്ന അവരുടെ ആ പദ്ധതിയാണ് ഇന്നും ഇവിടെ പുകഞ്ഞുകൊണ്ടിരിക്കുന്നത്. സമരത്തെ പൊളിക്കാൻ അവർ ഉണ്ടാക്കിയെടുത്ത ഹിന്ദുക്കളിലും മുസ്‌ലിംകളിലും പെട്ട പല കവർച്ചക്കാരും ഈ സന്ദർഭം മുതലെടുത്തിട്ടുണ്ട്. തങ്ങൾ ഖിലാഫത്തുകാരാണെന്നു പറഞ്ഞ് ഹിന്ദു-മുസ്‌ലിം വീടുകൾ ഇവർ ഒരുപോലെ കൊള്ളയടിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാർ ഇതിനുവേണ്ടി ഒരു സംഘത്തെത്തന്നെ രൂപപ്പെടുത്തിയിരുന്നു. ഇതെല്ലാം ജനങ്ങൾ മാപ്പിള പോരാളികളുടെ പേരിൽ വരവു വെച്ചു. മാപ്പിളമാരെയും ഖിലാഫത്ത് നേതാക്കളെയും പലരും അക്കാലത്തു തന്നെ തെറ്റിദ്ധരിക്കാൻ ഇതു കാരണമായിരുന്നു. അപ്പോൾ പിന്നെ ഇന്നത്തെ കാര്യം പറയേണ്ടതുണ്ടോ?

ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെ ഉണ്ടായിത്തീർന്ന ഹിന്ദു-മുസ്‌ലിം മൈത്രി ബ്രിട്ടീഷുകാരെ അത്രമാത്രം അലോസരപ്പെടുത്തിയിരുന്നു. സമരം പൊളിക്കാൻ അവർ സർവ കരുക്കളും നീക്കി. ഇതു കൂടാതെ സവർണ ജന്മിമാരുടെ ചോറ്റുപട്ടാളവും അക്രമങ്ങളുമായി ഇറങ്ങി. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ഖിലാഫത്ത് സമരം കൊടുമ്പിരിക്കൊണ്ടപ്പോൾ ചിലർ അച്ചടക്കം വെടിഞ്ഞ് നിയന്ത്രണാതീതരായി നീങ്ങിയതോടെ അനിഷ്ട സംഭവങ്ങൾ നടന്നിട്ടുണ്ടെന്നും മോഴികുന്നത്ത് തന്റെ പുസ്തകത്തിൽ നിരീക്ഷിക്കുന്നു.

1962 മുതൽ മലബാർ സമരം ഹിന്ദുവിരുദ്ധമായിരുന്നു എന്ന നുണ പ്രചാരണം ശക്തമായി. എല്ലാ പള്ളികളും മുമ്പ് അമ്പലങ്ങളായിരുന്നുവെന്നും അമ്പലങ്ങൾ കാലം കൊണ്ട് കേടുവന്നാലും അത് മാപ്പിളമാരും ടിപ്പുവും ചെയ്തതാണെന്നും നുണക്കഥകൾ പ്രചരിപ്പിക്കപ്പെട്ടു. ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിക്കൽ പ്രവർത്തനം പലരും ഏറ്റെടുത്തു. ആ വിഭജനസ്വരം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. അത് ദേശീയവാദികളെയും പുരോഗമനവാദികളെയുമെല്ലാം സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്- നീലകണ്ഠൻ മാഷ് പറഞ്ഞുനിർത്തി.



Scanned with CamScanner